പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : T *796 24/07/2012-ൽ മറുപടിക്ക്

സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .പുരുഷൻ കടലുണ്ടി<br>,, ജി.സുധാകരൻ<br>,, എം.ചന്ദ്രൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ബഹു : വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| എ) | സാംസ്കാരിക ക്ഷേമനിധിയിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാരെയാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം സാംസ്കാരിക പ്രവർത്തകൻ എന്ന് നിർവചിക്കപ്പെട്ട സിനിമ, ഇലക്ട്രോണിക്, മാധ്യമം,കേബിളും,കേബിൾ ശൃംഖലയും. നാടകം, സംഗീതം, കഥകളി,ഗാനമേള , അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല,നാടൻകലകൾ, അനുഷ്ഠാനകലകൾ, സെമിക്ളാസിക്കൽ കലകൾ, നാടൻ പാട്ടുകൾ,,മാർഗ്ഗംകളി,ചവിട്ടുനാടകം, മേക്കപ്പ്, വാദ്യകലകൾ,മാജിക്,സർക്കസ്,കാർട്ടൂൺ, കഥാപ്രസംഗം, പുരാണപാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിള കലകൾ പന്തൽ അലങ്കാരം, ശബ്ദവും, വെളിച്ചവും വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീമേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്നവരെയും തന്റെ ഉപജീവനത്തിനായി കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം അതു പോലെയുള്ള മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും വിജ്ഞാപനം മൂലം സർക്കാർ പ്രഖ്യാപിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ, ഏർപ്പെട്ടിരിക്കുന്നവരെയോ ആണ് സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിരുന്നത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വിഭാഗത്തെ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; | ബി) | ഇല്ല |

| | | | |
|---|---|---|---|
| സി) | എങ്കിൽ ഏതെല്ലാമെന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ; | സി) | ബാധകമല്ല |
| ഡി) | സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | ഡി) | 2012-13 ബഡ്ജറ്റിൽ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിട്ടില്ല ക്ഷേമനിധിക്ക് തുക സമാഹരിക്കാനായി 2009 ൽ നടത്തിയ സാംസ്കാരിക ബമ്പർ ലോട്ടറിയിൽ നിന്നുള്ള വരവിൽ നിന്ന് 90 ലക്ഷം രൂപ ക്ഷേമനിധി ഫണ്ടിനായി നൽകിയിട്ടുണ്ട്. കൂടാ ക്ഷേമനിധിയുടെ പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ അനുവദിച്ചതിൽ നിന്ന് ആകെ 7,61,976/- രൂപ ഇതുവരെ ചെലവ് ചെയ്തിട്ടുണ്ട്. |

Padmini P

സെക്ഷൻ ഓഫീസർ